<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 891</u> <u>10-08-2023 - ൽ മറുപടിയ്ക്ക്</u>

<u>നെന്മാറ മണ്ഡലത്തിലെ കാർഷിക കോളേജിന്റെ പ്രവർത്തനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ തുടങ്ങാൻ പോകുന്ന കാർഷിക കോളേജിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | **നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ കാർഷിക കോളേജ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലം ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശത്തിലായിരുന്നു. 2022 ആഗസ്റ്റ് മാസം ബഹുമാനപ്പെട്ട Debt Recovery tribunalന്റെ നിർദ്ദേശപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തുക നൽകി പ്രസ്തുത വസ്തുവകകളുടെ കൈവശാവകാശവും അസ്സൽ രേഖകളും കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന് തിരികെ ലഭ്യമായിട്ടുണ്ട്. ടി സ്ഥലം ഏറ്റെടുക്കാൻ ആവശ്യമായി വരുന്ന സാമ്പത്തിക ബാധ്യത കണ്ടെത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതിനും റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ടി ഭൂസ്വത്തുക്കളുടെ വിലനിർണ്ണയം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കോളേജ് തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | **നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ കാർഷിക കോളേജ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലം ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശത്തിലായിരുന്നു. 2022 ആഗസ്റ്റ് മാസം ബഹുമാനപ്പെട്ട Debt Recovery tribunalന്റെ നിർദ്ദേശപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തുക നൽകി പ്രസ്തുത വസ്തുവകകളുടെ കൈവശാവകാശവും അസ്സൽ രേഖകളും കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന് തിരികെ ലഭ്യമായിട്ടുണ്ട്. ടി സ്ഥലം ഏറ്റെടുക്കാൻ** |

| | | | |
|---|---|---|---|
| | | | **ആവശ്യമായി വരുന്ന സാമ്പത്തിക ബാധ്യത കണ്ടെത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതിനും റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ടി ഭൂസ്വത്തുക്കളുടെ വിലനിർണ്ണയം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | പ്രസ്തുത കോളേജ് എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | കാർഷിക കോളേജ് സ്ഥാപിക്കുന്നതിനായി തെരെഞ്ഞെടുത്ത കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലം വിലനിർണ്ണയം നടത്തി റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് മറ്റു തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ